"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം- അച്ചടക്കനടപടിക്കെതിരെ എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. ബിനീഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. രാജേഷ് ആർ., ശ്രീ.ഷംനാദ് എസ്. എന്നിവർ സമർപ്പിച്ച അപ്പീൽ ഹർജികൾ- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.567/2025/TAXES **തീയതി,തിരുവനന്തപുരം, 19-06-2025**

പരാമർശം:-
1. എക്സൈസ് കമ്മീഷണറുടെ 19.02.2025-ലെ EXC/5280/2023-XE5 നമ്പർ ഉത്തരവ്
2. എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. ബിനീഷ് റ്റി റ്റി, സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. രാജേഷ് ആർ, ഷംനാദ് എസ് എന്നിവർ 21.03.2025-ൽ സമർപ്പിച്ച അപ്പീൽ ഹർജികൾ
3. എക്സൈസ് കമ്മീഷണറുടെ 02.05.2025-ലെ EXC/5280/2023-XE5 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം കഴക്കൂട്ടം എക്സൈസ് റേഞ്ചിലെ പ്രിവന്റീവ് ഓഫീസർ ശ്രീ.ബിനേഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.രാജേഷ് ആർ., ശ്രീ.ഷംനാദ് എസ്. എന്നിവർ നിരോധിത പുകയില ഉൽപ്പന്നം കണ്ടെത്തിയശേഷം അതിൻമേൽ നടപടി സ്വീകരിക്കാതെ പണം വാങ്ങിയതായി ബോധ്യമാവുകയും ആയത് ടിയാൻമാരുടെ ഭാഗത്തുനിന്നും ഉണ്ടായ ഗുരുതരമായ അധികാര ദുർവിനിയോഗവും കൃത്യവിലോപവും അഴിമതിയും ആണെന്നതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥർക്കെതിരെ എക്സൈസ് കമ്മീഷണർ പരാമർശം (1) പ്രകാരം സ്വീകരിച്ച അച്ചടക്കനടപടിക്കെതിരെ എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. ബിനീഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. രാജേഷ് ആർ., ഷംനാദ് എസ്. എന്നിവർ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജികൾ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത അപ്പീൽ ഹർജികളിന്മേൽ എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിരിന്നു:

"കഴക്കൂട്ടം റെയ്ഞ്ചിലെ പ്രിവന്റീവ് ഓഫീസർ ശ്രീ.ബിനേഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.രാജേഷ് ആർ., ശ്രീ.ഷംനാദ് എസ്. എന്നിവരെ

25.05.2023-ൽ രാവിലെ 9.30 മണിക്ക് എൻ.ഡി.പി.എസ്. കേസ് സംബന്ധിച്ച വിവരശേഖരണത്തിന് സ്വകാര്യകാറിൽ നിയോഗിച്ചയച്ചതായും അന്നേദിവസം വൈകുന്നേരം 5.40-ന് ടി ഉദ്യോഗസ്ഥർ തിരികെ ഓഫീസിൽ എത്തിയതായും കഴക്കൂട്ടം എക്സൈസ് റേഞ്ച് ഓഫീസിലെ രേഖകളിൽ കാണുന്നതായും വിവരശേഖരണത്തിനായി പ്രിവൻറ്റീവ് ഓഫീസർ ശ്രീ.ബിനേഷിന്റെ സ്വകാര്യ കാറിൽ പുറപ്പെട്ട ബിനേഷ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. രാജേഷ്, ഷംനാദ് എന്നിവർ പുകയില ഉൽപ്പന്ന കച്ചവടക്കാരനായ അൽത്താഫിന്റെ വീട്ടിൽ എത്തുകയും അവിടെനിന്നും പുകയില ഉൽപ്പന്നങ്ങൾ കണ്ടെത്തുകയും അതിൻമേൽ നടപടി സ്വീകരിക്കാതെ അൽത്താഫിൽ നിന്നും പണം വാങ്ങിയതായും പുകയില ഉൽപ്പന്നങ്ങളുടെ കച്ചവടത്തിന് ടി ഉദ്യോഗസ്ഥർ കൂട്ട് നിന്നതായും പ്രഥമദൃഷ്ട്യാ വെളിവാകുന്നതായി വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

പ്രസ്തുത അന്വേഷണ റിപ്പോർട്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ കഴക്കൂട്ടം എക്സൈസ് റേഞ്ചിലെ പ്രിവന്റീവ് ഓഫീസർ ശ്രീ.ബിനേഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.രാജേഷ് ആർ., ഷംനാദ് എസ്. എന്നിവർ നിരോധിത പുകയില ഉൽപ്പന്നം കണ്ടെത്തിയശേഷം അതിൻമേൽ നടപടി സ്വീകരിക്കാതെ പണം വാങ്ങിയതായി ബോധ്യമാവുകയും ആയത് ടിയാൻമാരുടെ ഭാഗത്തുനിന്നും ഉണ്ടായ ഗുരുതരമായ അധികാര ദുർവിനിയോഗവും കൃത്യവിലോപവും അഴിമതിയും ആണെന്ന് വ്യക്തമായതിനാൽ അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാൻമാരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി.

ലഹരി വിരുദ്ധ പ്രചാരണങ്ങൾ സജീവമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ നിരോധിത പുകയില ഉത്പ്പന്നം കണ്ടെത്തിയശേഷം പണം വാങ്ങിയതും ടി കുറ്റകൃത്യത്തിന് കൂട്ട് നിൽക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത് എക്സൈസ് വകുപ്പിന് പൊതുജനങ്ങൾക്കിടയിൽ അവമതിപ്പ് ഉണ്ടാക്കുവാനിടയാക്കി. സത്യസന്ധതയോടും കർമ്മനിഷ്ഠയോടും പൊതുജനങ്ങൾക്ക് മാതൃകയായി പ്രവർത്തിക്കേണ്ട ഉത്തരവാദിത്തപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ ടി കുറ്റകൃത്യത്തിന് കൂട്ട് നിന്നത് വഴി സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട പെരുമാറ്റച്ചട്ടം ലംഘിക്കുകയും സേനയിലെ അച്ചടക്കവും കർമ്മബോധവും ഉൾകൊണ്ട് പ്രവർത്തിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തതായി ബോധ്യമാവുകയുണ്ടായി. അതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് സസ്പെൻഷനിൽ കഴിഞ്ഞിരുന്ന ടി ഉദ്യോഗസ്ഥർക്ക് കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും അതിന് ടിയാന്മാർ പ്രതിവാദ പത്രികകൾ സമർപ്പിക്കുകയുമുണ്ടായി. ടി ഉദ്യോഗസ്ഥർ സമർപ്പിച്ച വിശദീകരണം ബന്ധപ്പെട്ട രേഖകളും പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ ആയത് തൃപ്തികരമല്ലായെന്ന് കണ്ട് തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 15 പ്രകാരമുള്ള ഫോർമൽ എൻക്വയറി ആവിശ്യമാണെന്ന് കാണുകയുണ്ടായി. ടി സാഹചര്യത്തിൽ ആഭ്യന്തരപരിശോധനാ വിഭാഗം ജോയിന്റ് എക്സൈസ് കമ്മീഷണറെ ഫോർമൽ എൻക്വയറി ഉദ്യോഗസ്ഥനായി നിയമിക്കുകയും, ഫോർമൽ എൻക്വയറി

ഓഫീസർ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. അൽത്താഫ് നിയമവിരുദ്ധമായ പാൻമസാല കച്ചവടത്തിലും മറ്റും ഏർപ്പെട്ടിരിക്കുന്നുവെന്ന് രേഖകളിൽനിന്നും മൊഴികളിൽനിന്നും വ്യക്തമാണെന്നും, കൈക്കൂലി നൽകിയെന്ന പ്രസ്തുത ആരോപണത്തിന് തെളിവുകൾ നൽകാൻ ടിയാൻ തയ്യാറാകാത്ത സാഹചര്യത്തിലും, മറ്റ് തരത്തിൽ തെളിവുകൾ ലഭ്യമല്ലാത്തതിനാലും, ടി ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണമെമ്മോയിൽ ആരോപിക്കപ്പെട്ടിട്ടുള്ള ക്രമക്കേടുകൾ തെളിക്കാനായിട്ടില്ലായെന്ന് ഫോർമൽ എൻക്വയറി ഓഫീസർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) അദ്ധ്യക്ഷതയിൽ 18.05.2024-ൽ കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി, പ്രിവന്റീവ് ഓഫീസർ ശ്രീ ബിനീഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. രാജേഷ് ആർ., ഷംനാദ് എസ്. എന്നിവരെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിനും, മാതൃജില്ല വിട്ട് മറ്റേതെങ്കിലും ജില്ലയിൽ നോൺ സെൻസിറ്റീവ് പോസ്റ്റിൽ നിയമിക്കുന്നതിനും തീരുമാനിക്കുകയും, പ്രസ്തുത തീരുമാനം എക്സൈസ് കമ്മീഷണർ അംഗീകരിക്കുകയുമുണ്ടായി. തുടർന്ന്, പ്രിവന്റീവ് ഓഫീസർ ശ്രീ. ബിനീഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. രാജേഷ് ആർ., ഷംനാദ് എസ്. എന്നിവരെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചും, ടിയാന്മാരുടെ ലാവണം തിരുവനന്തപുരം ഡിവിഷനിൽ നിലനിർത്തിക്കൊണ്ട് പ്രിവന്റീവ് ഓഫീസർ ശ്രീ. ബിനീഷ് റ്റി.റ്റി.യെ കൊല്ലം ഡിവിഷനിലും, സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ആർ.രാജേഷിനെ ആലപ്പുഴ ഡിവിഷനിലും, സിവിൽ എക്സൈസ് ഓഫീസർ ശ്രീ.എസ്.ഷംനാദിനെ കോട്ടയം ഡിവിഷനിലും നിയമിക്കുകയുണ്ടായി.

കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ മെമ്മോയിൽ പ്രതിപാദിച്ചിട്ടുള്ള ആരോപണങ്ങൾ അന്വേഷണത്തിലെ പരിമിതി കാരണം തെളിയിക്കാനായിട്ടില്ലെങ്കിലും, പ്രതിവാദപത്രികയിലെ വിശദീകരണങ്ങളും, ബന്ധപ്പെട്ട രേഖകളും വിശദമായി പരിശോധിച്ചതിൽ ടിയാന്മാരുടെ ഭാഗത്തുനിന്നും അച്ചടക്കലംഘനവും കൃത്യവിലോപവും ഉണ്ടായിട്ടുണ്ടെന്നത് വളരെ വ്യക്തമാണ്. ഇക്കാര്യത്തിൽ ടി ഉദ്യോഗസ്ഥർ കടുത്തശിക്ഷയ്ക്ക് അർഹരാണ്. എന്നിരുന്നാലും, 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11 (1) (ii) പ്രകാരം ടിയാന്മാരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരുവർഷത്തേയ്ക്ക് തടഞ്ഞ് തീർപ്പാക്കുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും, ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിനായി ടിയാന്മാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. അതിന് ടിയാന്മാർ സമർപ്പിച്ച മറുപടിയിൽ ആരോപണങ്ങൾ നിഷേധിക്കുകയും തുടർനടപടി ഒഴിവാക്കണമെന്നും നേരിൽ കേൾക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 18.01.2025-ന് എക്സൈസ് കമ്മീഷണർ ടിയാന്മാരെ നേരിൽ കേട്ടവേളയിൽ നിരപരാധിത്വം തെളിക്കുന്നതിനാവശ്യമായ എന്തെങ്കിലും പുതിയ രേഖകൾ ഹാജരാക്കുകയോ പുതിയ വാദമുഖങ്ങൾ ഉന്നയിക്കുകയോ ഉണ്ടായിട്ടില്ല.

ശ്രീ. അൽത്താഫ് 25.05.2023-ന് 11.08 മണിക്ക് ടിയാന്റെ സഹോദരനായ ശ്രീ. അൻവറിൽ നിന്നും ഗൂഗിൾ പേ മുഖാന്തരം 35,000 രൂപ സ്വീകരിച്ചതായും, ടിയാന്റെ കൈവശമുണ്ടായിരുന്ന 15,000 രൂപ ഉൾപ്പെടെ ആകെ 50,000 രൂപ എ.ടി.എം.ൽ നിന്നും പിൻവലിച്ച് പ്രിവന്റീവ് ഓഫീസർ ശ്രീ. ബിനേഷിനെ എൽപ്പിച്ചതായും, 25.05.2023-ന് ശ്രീ. ബിനേഷ് (6282183371) ശ്രീ. അൽത്താഫിനെ (9074380160) 5 പ്രാവശ്യവും, 28.05.2023-ന് ഒരു പ്രാവശ്യവും ഫോൺ മുഖാന്തരം ബന്ധപ്പെട്ടതായും എക്സൈസ് വിജിലൻസ് ഓഫീസറുടെ 28.10.2023-ലെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും, ശ്രീ. അൽത്താഫ് ടി ഉദ്യോഗസ്ഥർക്ക് 50,000/-രൂപ നൽകിയെന്ന ആരോപണത്തിൽ ഉറച്ച് നിൽക്കുന്ന സാഹചര്യത്തിലും ആരോപണത്തിൽ കഴമ്പുണ്ടെന്ന കാര്യം വ്യക്തമാണ്. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ തെളിവുകളുമായി മുന്നോട്ട് പോകുവാൻ അൽത്താഫിന് താല്പര്യമില്ലെന്ന സാഹചര്യത്തിലാണ് വാച്യാന്വേഷണ ഉദ്യോഗസ്ഥന് കുറ്റമറ്റ രീതിയിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കാതെ പോയിട്ടുള്ളത്. വിജിലൻസ് എൻക്വയറി റിപ്പോർട്ടും, പ്രിവന്റീവ് ഓഫീസർ ശ്രീ.ബിനേഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. രാജേഷ് ആർ., ശ്രീ.ഷംനാദ് എസ്. എന്നിവരുടെ വിശദീകരണവും, മറ്റ് അനുബന്ധരേഖകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയന്മാർക്കെതിരെ ആരോപിക്കപെട്ട കുറ്റത്തിൽ കഴമ്പുണ്ടെന്നുള്ള കാര്യം ബോധ്യമാകുകയുണ്ടായി. ഈ സാഹചര്യത്തിൽ, ടിയന്മാരുടെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ താൽക്കാലിക തീരുമാനം പുനർ പരിശോധിക്കേണ്ട സാഹചര്യം ഇല്ലെന്നു ബോധ്യപ്പെട്ട് 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11 പ്രകാരം ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ് ടിയാന്മാർക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കുകയുണ്ടായി. വിജിലൻസ് എൻക്വയറി റിപ്പോർട്ടിന്റെയും ടിയാന്മാരുടെ വിശദീകരണത്തിന്റെയും മറ്റ് അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ ടിയന്മാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിന്മേൽ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ പരിഗണനാർഹമല്ലായെന്ന് ശിപാർശ ചെയ്യുന്നു."

3) എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. ബിനീഷ് റ്റി.റ്റി. സമർപ്പിച്ച അപ്പീൽ ഹർജിയിൽ ടിയാൻ ചുവടെ ചേർക്കും പ്രകാരം അറിയിക്കുകയുണ്ടായി;

എക്സൈസ് കമ്മീഷണറുടെ 19.02.2025-ലെ EXC/5280/2023-XE5 നമ്പർ ഉത്തരവ് പ്രകാരം എന്റെ ഭാഗത്ത് നിന്നും ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവും ഉണ്ടായിട്ടുണ്ടെന്നത് വ്യക്തമായി എന്നാരോപിച്ച് എനിക്കെതിരെ തുടർന്ന് വന്നിരുന്ന അച്ചടക്കനടപടികൾ KCS(CC&A) 1960-ലെ ചട്ടം 11(1)(iii) പ്രകാരം ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയിരിക്കുന്നു. ടി ഉത്തരവ് തികച്ചും അന്യായവും ഏകപക്ഷീയവും നിയമപരമായി നിലനിൽക്കാത്തതുമാകുന്നു എന്ന് ചൂണ്ടിക്കാണിക്കുന്ന വസ്തുതകൾ ചുവടെ ചേർക്കുന്നു.

i. 25/05/2023 തീയതിയിൽ പ്രിവന്റീവ് ഓഫീസറായ എന്നേയും, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. ഷംനാദിനേയും ശ്രീ.രാജേഷിനേയും എൻ.ഡിപി.എസ്. കേസ് സംബന്ധിച്ച വിവരശേഖരണത്തിന് സ്വകാര്യ കാറിൽ നിയോഗിച്ചയച്ചതായും അന്നേ ദിവസം പുകയില ഉൽപ്പന്ന കച്ചവടക്കാരനായ ബീമാപ്പള്ളി സ്വദേശി അൽത്താഫിന്റെ വീട്ടിൽ ഞങ്ങൾ എത്തുകയും അവിടെ നിന്നും നിരോധിത പുകയില ഉൽപ്പന്നങ്ങൾ കണ്ടെത്തിയെങ്കിലും അതിന്മേൽ നടപടി സ്വീകിരക്കാതെ 50,000 രൂപ വാങ്ങി കേസ് ഒതുക്കി തീർത്തതായും പുകയില ഉല്പന്നങ്ങളുടെ കച്ചവടത്തിന് ഞങ്ങൾ കൂട്ട് നിന്നതായും പ്രഥമദൃഷ്ട്യാ വെളിവാകുന്നതായി എക്സൈസ് വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്തു എന്ന് കാണിച്ചുകൊണ്ട് ഞങ്ങളെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി. എന്റെ പ്രവൃത്തി തികച്ചും നിരുത്തരവാദപരവും ഔദ്യോഗിക കൃത്യനിർവഹണത്തിലെ ഗുരുതര വീഴ്ചയാണെന്നും എക്സൈസ് വകുപ്പിന് പൊതുജനങ്ങൾക്കിടയിൽ അവമതിപ്പും ദുഷ്കീർത്തിയും ഉണ്ടാക്കുവാനിടയാക്കിയെന്നും സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട പെരുമാറ്റച്ചട്ടം ലംഘിച്ചു എന്നും സേനയിലെ അച്ചടക്ക ലംഘനവും കർമ്മബോധവും ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിൽ ഞാൻ പരാജയപ്പെട്ടു എന്നും ആരോപിച്ചുകൊണ്ട് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും എനിക്ക് നൽകുകയുണ്ടായി.

ii. ടി ആരോപണങ്ങളെല്ലാം കെട്ടിച്ചമക്കപ്പെട്ടവയാണെന്നും എന്റെ മേൽ ചാർത്തപ്പെട്ട കുറ്റങ്ങളെല്ലാം ഞാൻ നിഷേധിക്കുന്നുവെന്നും കുറ്റാരോപണ മെമ്മോക്ക് മറുപടിയായി ഞാൻ സമർപ്പിച്ച പ്രതിവാദപത്രികയിൽ വിവരിച്ചിട്ടുള്ളതായിരുന്നു. എന്നാൽ എന്റെ വിശദീകരണം തൃപ്തികരമല്ല എന്ന് കാണിച്ച് കൊണ്ട് KCS(CC&A) 1960-ലെ ചട്ടം 15 പ്രകാരം ടി വിഷയത്തിൽ ഔപചാരിക വാച്യാന്വേഷണത്തിന് ഉത്തരവിടുകയും അന്വേഷണ ഉദ്യോഗസ്ഥനായ ആഭ്യന്തര പരിശോധനാ വിഭാഗം ജോയിന്റ് എക്സൈസ് കമ്മീഷണർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതിന് അനുബന്ധമായി എന്നേയും സഹപ്രവർത്തകരായ മറ്റ് രണ്ട് ഉദ്യോഗസ്ഥരെയും സർവീസിൽ പുന:പ്രവേശിപ്പിച്ച് തിരുവനന്തപുരം ഡിവിഷൻ ലാവണമായി നിലനിർത്തിക്കൊണ്ട് കൊല്ലം, ആലപ്പുഴ, കോട്ടയം എന്നീ ഡിവിഷനുകളിലേക്ക് സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

iii. എന്നാൽ പരാതിക്കാരനായ ശ്രീ. അൽത്താഫ് പാൻ മസാല കച്ചവടത്തിലും മറ്റും ഏർപ്പെട്ടിരിക്കുന്നുവെന്ന് രേഖകളിൽ നിന്നും മൊഴികളിൽ നിന്നും വ്യക്തമായെന്നും പ്രസ്തുത ആരോപണത്തിന് തെളിവുകൾ നൽകാൻ ടിയാൻ തയാറാകാത്ത സാഹചര്യത്തിലും മറ്റ് തരത്തിൽ തെളിവുകൾ ലഭ്യമല്ലാത്തതിനാലും ഞങ്ങൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ തെളിഞ്ഞിട്ടുള്ളതാണ് എന്ന വാദം നിരത്തി വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടയുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു എന്ന് അറിയിച്ചുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് മറുപടിയായി വസ്തുതകൾ വിശദീകരിക്കുകയും അതിനെ മുൻനിർത്തി അച്ചടക്ക നടപടികൾ അവസാനിപ്പിക്കുവാൻ അപേക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ എന്റെ വാദങ്ങൾ അവഗണിച്ച് കൊണ്ട് തീർത്തും അന്യായമായി ശിക്ഷാനടപടിയോട് കൂടി അച്ചടക്ക നടപടികൾ തീർപ്പാക്കുകയാണുണ്ടായത്.

iv. പരാതിക്കാരനായ ശ്രീ.അൽത്താഫിന്റെ മൊഴി മാത്രമാണ് ടി ആരോപണങ്ങൾക്ക് അടിസ്ഥാനം. രജിസ്റ്റർ ചെയ്തിട്ടുള്ള നിരവധി കേസുകൾ നിലവിലുള്ള ഒരു കുറ്റവാളിയുടെ

മൊഴിക്ക് ഡിപ്പാർട്ട്മെന്റ് ഇത്രമേൽ പ്രാധന്യം നൽകുന്നു എന്നത് ആശ്ചര്യപ്പെടുത്തുന്ന വസ്തുതയാണ്. ടിയാന്റെ മൊഴിയല്ലാതെ അതിന് ആധാരമായി യാതൊരു തെളിവും നൽകുവാൻ ടിയാന് സാധിച്ചിട്ടില്ല എന്ന് മാത്രമല്ല അന്വേഷണ ഉദ്യോഗസ്ഥർക്ക് മറ്റെന്തെങ്കിലും തെളിവുകൾ കണ്ടെത്തുവാനും കഴിഞ്ഞില്ല. ഒരു കുറ്റവാളി ടിയാൾക്കെതിരെ നിൽക്കുന്ന ഉദ്യോഗസ്ഥരെ കളവായ ആരോപണം വഴി നിർജീവമാക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പദ്ധതിയിൽ ഡിപ്പാർട്ട്മെന്റും കൂട്ട് നിൽക്കുന്നു എന്നത് ഭീകരമായ അവസ്ഥയാണ്.

V. അന്നേ ദിവസം അൽത്താഫിനെ ചോദ്യം ചെയ്തതിൽ നിന്നും കഞ്ചാവും ഹോൾസെയിലായി 'ശംഭ' കച്ചവടവും നടത്തുന്ന ചിലരെ പറ്റിയുള്ള വിവരം നൽകാമെന്ന് പറയുകയും അതിലേക്കായി അന്വേഷണത്തിന്റെ ഭാഗമായി ടിയാനെ ഫോണിൽ ബന്ധപ്പെടുകയും ചെയ്തിരുന്നു. ഈ വിവരം അന്നുതന്നെ എക്സൈസ് ഇൻസ്പെക്ടറെ ബോധിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി കാൾ റെക്കോർഡുകൾ നിരത്തി ഞങ്ങൾ അൽത്താഫിനെ പലതവണ ബന്ധപ്പെട്ടു എന്നും ടിയാന്റെ സഹോദരനായ ശ്രീ.അൻവറുമായുള്ള ടിയാന്റെ പണമിടപാടുകൾ ഞങ്ങളുമായി അനാവശ്യമായി ബന്ധപ്പെടുത്തിയും മറ്റ് തെളിവുകളുടെ അഭാവത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത മേൽ സൂചിപ്പിച്ച വിഷയങ്ങളെ വളച്ചൊടിച്ച് ഞങ്ങൾക്കെതിരെ ഉപയോഗിക്കുന്നത് സാമാന്യ നീതിക്ക് നിരക്കാത്തതും നിയമ സാധുത ഇല്ലാത്തതുമാണ്.

vi. കുറ്റാരോപിത ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ മെമ്മോയിൽ ആരോപിക്കപ്പെട്ടിട്ടുള്ള ക്രമക്കേടുകൾ തെളിയിക്കാനായിട്ടില്ല എന്നും അപ്രകാരം ആരോപണങ്ങൾ ശരി വക്കുവാൻ തക്കതായ തെളിവുകൾ യാതൊന്നും ലഭ്യമല്ല എന്നും ആരോപിത കുറ്റങ്ങളൊന്നുംതന്നെ സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ നിലനിൽക്കാത്തവയായി കണ്ടെത്തിയിട്ടുള്ളതാണ് എന്നും അന്വേഷണ ഉദ്യോഗസ്ഥൻ വ്യക്തമായി റിപ്പോർട്ട് ചെയ്തിട്ടും ഇപ്രകാരം ശിക്ഷാനടപടിയോടുകൂടി അച്ചടക്ക നടപടികൾ അവസാനിപ്പിച്ചത് തികച്ചും ന്യായവിരുദ്ധമാണ്. അന്വേഷണ റിപ്പോർട്ടിലെ ടി കണ്ടെത്തലുകൾ നിലനിൽക്കവേ എന്തടിസ്ഥാനത്തിലാണ് ഞങ്ങൾക്കെതിരെയുള്ള ആരോപണങ്ങൾക്ക് കഴമ്പുണ്ട് എന്ന നിഗമനത്തിൽ ഡിപ്പാർട്ട്മെന്റ് എത്തിച്ചേർന്നത് എന്നത് ടി ഉത്തരവിൽ എങ്ങും പ്രതിപാദിച്ചിട്ടില്ല. ഇക്കാര്യത്തിൽ കൂടുതൽ തെളിവുകളുമായി മുന്നോട്ടുപോകുവാൻ പരാതിക്കാരനായ അൽത്താഫിന് "താൽപര്യമില്ലെന്ന" സാഹചര്യത്തിലാണ് അന്വേഷണ ഉദ്യോഗസ്ഥന് കുറ്റമറ്റരീതിയിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കാതെ പോയിട്ടുള്ളത് എന്നും കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങൾ അന്വേഷണത്തിലെ "പരിമിതി" കാരണമാണ് തെളിയിക്കാൻ സാധിക്കാത്തത് എന്നുമുള്ള വിചിത്രമായ ന്യായീകരണങ്ങളിൽ നിന്ന് തന്നെ ഞങ്ങളെ കുറ്റക്കാരായി സ്ഥാപിച്ചെടുക്കുവാനുള്ള ദുരുദ്ദേശ്യം വ്യക്തമാകുന്നതാണ്.

vii. എനിക്കെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ ഞാൻ നിഷേധിക്കുന്നുവെന്നും അതിന്റെ നിജസ്ഥിതിയും ഇതൊരു ഗൂഢാലോചനയുടെ ഭാഗമാണെന്നും ഞാൻ പ്രതിവാദ പത്രികയിലും വിശദികരിച്ചിരുന്നെങ്കിലും ഡിപ്പാർട്ട്മെന്റ് വിശദമായി ടി വിഷയം പരിശോധിക്കാതെ മുൻവിധിയോടുകൂടി പരാതിക്കാരന്റെ മൊഴികൾ മാത്രം വിശ്വാസത്തിലെടുത്ത് ആരോപണങ്ങളുടെ നിജസ്ഥിതി കണ്ടെത്താൻ ശ്രമിക്കാതെ വെറും

ഊഹാപോഹങ്ങളുടെയും ഭാവനയുടെയും അടിസ്ഥാനത്തിൽ എന്നെ കുറ്റക്കാരനായി ചിത്രീകരിച്ച് ശിക്ഷാനടപടി സ്വീകരിക്കുകയാണുണ്ടായത്. സത്യാവസ്ഥകൾ മുഴുവൻ ഞാൻ നേർവിചാരണ വേളയിൽ ആവർത്തിച്ചിട്ടും സാമാന്യ ബുദ്ധിക്ക് നിരക്കാത്ത വാദഗതികൾ നിരത്തി എന്നെ കുറ്റക്കാരനാക്കിയത് തീർത്തും അപലപനീയമാണ്.

viii. കൂടാതെ, ചട്ടങ്ങളിൽ നിഷ്കർഷിക്കുംവിധം പരാതിക്കാരനെ എന്റെ മുന്നിൽ വച്ച് വിസ്തരിക്കാത്തതും എന്റെ അഭാവത്തിൽ രേഖപ്പെടുത്തിയ മൊഴികൾ എനിക്കെതിരെ തെളിവായി സ്വീകരിക്കാൻ പാടില്ലാത്തതുമാണ്. പരാതിക്കാരനായ കുറ്റവാളിയുടെ മൊഴികൾ മാത്രം കണക്കിലെടുത്ത് എനിക്കെതിരെയുള്ള വ്യാജ ആരോപണങ്ങൾ ശരിവെച്ച് പക്ഷപാതപരമായും ഏകപക്ഷീയമായും ഞാൻ കുറ്റക്കാരൻ ആണെന്ന് കാണാവുന്നതാണെന്ന് വരുത്തിത്തീർത്ത് ശിക്ഷിക്കുന്നത് അന്യായവും അംഗീകരിക്കാൻ സാധിക്കാത്തതുമാണ്. ഔപചാരിക അന്വേഷണത്തിൽ കുറ്റക്കാരൻ ആണെന്ന് തെളിയിക്കാൻ സാധിക്കാത്തിനാൽ എനിക്കെതിരെ അച്ചടക്ക നടപടി തുടർന്നുവന്ന സാഹചര്യത്തിൽ എന്തെങ്കിലും ശിക്ഷ നൽകി അവസാനിപ്പിക്കാം എന്നുള്ള ലാഘവത്തോടെ ടി നടപടികൾ ഇപ്രകാരം തീർപ്പാക്കിയതായാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്."

4) സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. രാജേഷ് ആർ., ശ്രീ.ഷംനാദ് എസ്. എന്നിവർ സമർപ്പിച്ച അപ്പീൽ ഹർജികളിൽ ശ്രീ. ബിനീഷ് റ്റി.റ്റി. മേൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾക്ക് സമാനമായ വാദങ്ങൾ തന്നെയാണ് ഉന്നയിച്ചിരിക്കുന്നത്. ടി അപ്പീൽ ഹർജികളിൽ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ബിനീഷ് റ്റി.റ്റി., ശ്രീ.രാജേഷ് ആർ., ശ്രീ.ഷംനാദ് എസ്. എന്നിവരെ 04/06/2025-ൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽകേട്ട വേളയിൽ ശ്രീ.ബിനീഷ് റ്റി.റ്റി., പ്രിവന്റീവ് ഓഫീസർ ചുവടെ ചേർക്കും പ്രകാരം അറിയിക്കുകയുണ്ടായി:

i. 26/10/2023- തീയതിയാണ് കോവളത്തുള്ള ഒരു വീട്ടിൽ നിന്നും 500 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങൾ പിടികൂടി കേസെടുക്കുന്നത്. ടി വീട് വാടകയ്ക്ക് എടുത്ത് നൽകിയ അൽത്താഫ് എന്നയാൾ വിജിലൻസ് ഓഫീസർ മുമ്പാകെ മൊഴി നൽകുന്നത് 27.10.2023 (അടുത്ത ദിവസം) തീയതി ആണ്. 28.10.2023-ന് എക്സൈസ് വിജിലൻസ് ഓഫീസർ ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണർ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ടി അൽത്താഫുമായി പ്രിവന്റീവ് ഓഫീസർ ആയ ഞാൻ ഫോണിൽ ബന്ധപ്പെട്ടതിന്റെ കോൾ ഡീറ്റെയിൽസ് (വിജിലൻസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) കഴക്കൂട്ടം എക്സൈസ് റേഞ്ചിലെ ജനറൽ ഡയറിയുടെ പകർപ്പ്, എന്റെ KL-22 R 2588 എന്ന വാഹനത്തിന്റെ ആർ.സി. ഡീറ്റെയിൽസ്, ഞാൻ ഉൾപ്പെടെയുള്ളവരുടെ ഫോട്ടോകൾ ഉൾപ്പെടെ ഒരു ദിവസം കൊണ്ട് തന്നെ ശേഖരിച്ച് ബഹുമാനപ്പെട്ട എക്സൈസ് കമമീഷണർക്ക് റിപ്പോർട്ട് നൽകിയത് ദുരുദ്ദേശ്യപരമാണ്.

ii. ഞാൻ ടി അൽത്താഫിൽ നിന്നും പണം കൈപ്പറ്റിയതായി ടിയാൻ വിജിലൻസ് ഓഫീസർ മുമ്പാകെ ആക്ഷേപം ഉന്നയിച്ചത് പരപ്രേരണയിലാണ്. രണ്ട് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞിട്ടാണ് വിജിലൻസ് ഓഫീസർക്ക് മൊഴി നൽകിയതെന്ന് ഫോർമൽ എൻക്വയറിയിൽ ടിയാൻ വെളിപ്പെടുത്തിയിട്ടുള്ളതാണ്.

iii. എന്റെ ഫോട്ടോ അൽത്താഫിനെ കാണിച്ചത് ഒരു എക്സൈസ് ഉദ്യോഗസ്ഥനാണെന്നും ആണെന്നും ടിയാനെ വിജിലൻസ് ഓഫീസർ മുമ്പാകെ കൊണ്ടുപോയത് മറ്റൊരു എക്സൈസ് ഉദ്യോഗസ്ഥനാണെന്നും ടി അൽത്താഫ് ഫോർമൽ എൻക്വയറിയിൽ വെളിപ്പെടുത്തിയിട്ടുള്ളതാണ്.

iv. 24/11/2023-തീയതി ഒരു എക്സൈസ് ഉദ്യോഗസ്ഥൻ ടി സംഭവവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണർക്ക് നൽകിയ അപേക്ഷയിൽ ടിയാന്റെ സ്ക്വാഡിലെ ഒരു എക്സൈസ് ഇൻസ്പെക്ടറും സ്ക്വോഡ് അംഗങ്ങളായ മറ്റു രണ്ടു ഉദ്യോഗസ്ഥരും കൂടി അൽത്താഫിന്റെ വീട്ടിൽ പരിശോധനയ്ക്ക് എത്തി 50,000 രൂപ വാങ്ങിയതായും മറ്റും പറഞ്ഞുവെന്നും ടി വിവരം വിജിലൻസ് ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി എന്നും പറഞ്ഞിട്ടുള്ളതാണ്. ടി റിപ്പോർട്ടിൽ "അന്വേഷണത്തിൽ ഇപ്പോൾ സസ്പെൻഷനിൽ ആയ മൂന്നു ഉദ്യോഗസ്ഥരെ വിജിലൻസ് ഓഫീസർ കണ്ടെത്തുകയും അതനുസരിച്ച് മേൽ നമ്പർ ഉത്തരവുപ്രകാരം ടിയാന്മാർക്കെതിരെ നടപടി എടുക്കുകയും ചെയ്തിട്ടുള്ളതാണ്" എന്നും പറഞ്ഞിരിക്കുന്നു. അതിൽനിന്നും ടി എക്സൈസ് ഉദ്യോഗസ്ഥൻ തന്നെയാണ് ഞങ്ങളുടെ ഫോട്ടോ ഉൾപ്പെടെയുള്ള പേരുവിവരം വിജിലൻസ് ഓഫീസർക്ക് നൽകിയതെന്ന് വ്യക്തമാകുന്നു.

v. അൽത്താഫിൽ നിന്നും ഞാൻ പണം കൈപ്പറ്റിയെന്ന വിവരം ലഭിച്ചിരുന്നുവെങ്കിൽ എക്സൈസ് ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ദക്ഷിണ മേഖലയുടെയും സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെയും ചുമതലയുള്ള എക്സൈസ് ഉദ്യോഗസ്ഥന് അതിനെ കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാമായിരുന്നു. അതിന് പകരം ടി അൽത്താഫിനെ കൊണ്ട് വിജിലൻസ് ഓഫീസർ മുമ്പാകെ മൊഴി കൊടിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ ഞങ്ങളുടെ ഫോട്ടോ ഉൾപ്പെടെയുള്ളവ ശേഖരിച്ച് അൽത്താഫിനും വിജിലൻസ് ഓഫീസർക്കും നൽകിയിട്ടുള്ളതുമാണ്.

vi. 25/05/2023-ൽ അൽത്താഫിൻ നിന്നും പണം കൈപ്പറ്റി എന്ന ആക്ഷേപം ടിയാൻ ഉന്നയിച്ചിരിക്കുന്നത് അഞ്ച് മാസം കഴിഞ്ഞ് 26/10/2023-നാണ്. അൽത്താഫിന്റെ സ്റ്റാഫ് ആയ സിനാജ് എന്നയാളുടെ പക്കൽ നിന്നും 500 കിലോഗ്രാം പാൻമസാല പിടികൂടിയ ദിവസമാണ് പണം കൈപ്പറ്റി വിവരം വെളിപ്പെടുത്തിയതെന്നും (പണം കൈപ്പറ്റി എന്ന ആരോപണം സവിനയം നിഷേധിക്കുന്നു) ടി കേസ് കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരമാണ് വിജിലൻസ് ഓഫീസർ മുമ്പാകെ മൊഴി നൽകിയത് എന്നും അൽത്താഫ് വെളിപ്പെടുത്തിയിട്ടുണ്ട്.

vii. അൽത്താഫ് വിജിലൻസ് ഓഫീസർ മുമ്പാകെ നൽകിയ മൊഴിയിൽ ടി കേസ് കണ്ടെടുത്ത ദിവസം 7736254005 എന്ന നമ്പരിൽ നിന്നും ടിയാനെ വിളിക്കുകയും " ഹലോ അൽത്താഫ് അല്ലേ നിന്റെ ഗോഡൗണിൽ ആളുണ്ട് നീ ഇപ്പോൾ അങ്ങോട്ട് പോകണ്ട" എന്ന് പറഞ്ഞു എന്നും വെളിപ്പെടുത്തിയിട്ടുണ്ട്. ഈ ഫോൺ നമ്പറിനെ കുറിച്ച് ഏതൊരു അന്വേഷണവും നടത്തിയിട്ടില്ല. മൊഴിയിൽ അൽത്താഫിന്റെ 9074380160 നമ്പറിന്റെ 2023 മെയ് 25 മുതൽ 28 വരെയുള്ള കോൾ ഡീറ്റെയിൽസ് പരിശോധിച്ചാൽ ടിയാനെ വിളിച്ച ഉദ്യോഗസ്ഥന്റെ നമ്പർ ലഭിക്കും എന്ന് പറഞ്ഞിട്ടുള്ളതാണ്. ടി കോൾ ഡീറ്റെയിൽസ് പരിശോധിക്കുന്നതിന് പകരം എക്സൈസ് ഉദ്യോഗസ്ഥനായ എന്റെ കോൾ ഡീറ്റെയിൽസാണ് എടുത്തിരിക്കുന്നത്.

മേൽ വസ്തുതകളിൽ നിന്നും എന്നെ വകുപ്പിലും പൊതുജനമധ്യത്തിലും അപമാനിക്കുന്നതിനും മനോവീര്യം തകർക്കുന്നതിനുമായി ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ട നടപടികളാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാകുന്നതാണ്.

ബഹു. എക്സൈസ് കമ്മീഷണറുടെ 19.02.2025 തീയതിയിലെ EXC/5280/2023-XEs നമ്പർ ഉത്തരവിൽ എനിക്കെതിരെയുള്ള ആക്ഷേപങ്ങൾ എല്ലാം ഞാൻ സവിനയം നിഷേധിക്കുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങളുടെ അടിസ്ഥാനത്തിലാണ് എനിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത്. സ്ഥിരം കുറ്റവാളിയായ അൽത്താഫ് എന്നയാൾ പരപ്രേരണയാൽ നൽകിയ മൊഴിയുടെ മാത്രം അടിസ്ഥാനത്തിൽ ആരോപണ വിധേയനായ എന്നെ കേൾക്കുക പോലും ചെയ്യാതെയാണ് എനിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത്. ടി വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ ഫോർമൽ എൻക്വയറിയിൽ "പ്രിവന്റീവ് ഓഫീസർ ബിനീഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ ഷംനാദ് എസ്., രാജേഷ് ആർ. എന്നീ ഉദ്യോഗസ്ഥർക്ക് 14.11.2023-ന് EXC/5280/2023-Xes നമ്പരായി നൽകിയിട്ടുള്ള കുറ്റാരോപണ മെമ്മോയിൽ ആരോപിക്കപ്പെട്ടിട്ടുള്ളവയും സ്റ്റേറ്റ്മെന്റ് ഓഫ് അലിഗേഷൻ പ്രസ്താവിക്കുന്നതുമായ കുറ്റങ്ങളായ നിരോധിത പുകയില ഉത്പന്നങ്ങൾ കണ്ടെത്തിയിട്ടും കേസെടുക്കാതെ പണം വാങ്ങി കേസ് ഒതുക്കി തീർത്തു അധികാര ദുർവിനിയോഗവും കൃത്യവിലോപവും കാട്ടി എന്നുള്ളതും ഔദ്യോഗിക നിർവഹണത്തിൽ വീഴ്ചയും അച്ചടക്ക ലംഘനവും ഉണ്ടായി എന്നതും എക്സൈസ് വകുപ്പിന് പൊതുജനങ്ങൾക്കിടയിൽ അവമതിപ്പും ദുഷ്കീർത്തിയും ഉണ്ടാക്കുവാൻ ഇടയാക്കുകയും സർക്കാർ ഉദ്യോഗസ്ഥന്റെ പെരുമാറ്റ ചട്ടം ലംഘിച്ചു എന്നതും ഫോർമൽ എൻക്വയറിയിൽ സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ നിലനിൽക്കാത്തവയായി കണ്ടെത്തിയിട്ടുള്ളതാണ് എന്ന റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. അൽത്താഫിൽ നിന്നും ഞാൻ പണം കൈപ്പറ്റിയതായോ ടിയാന് വഴിവിട്ട സഹായങ്ങൾ നൽകിയതായോ ഏതൊരു ആക്ഷേപവും ടിയാൻ ഉന്നയിച്ചിട്ടില്ലാത്തതും ആയതിനാൽ എനിക്കെതിരെ നൽകിയ കുറ്റാരോപണ പത്രികയും കുറ്റാരോപണ മെമ്മോയും നിലനിൽക്കാത്തതുമാണ്. എനിക്കെതിരായ അച്ചടക്ക നടപടി തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള ഉത്തരവിൽ "പ്രിവന്റീവ് ഓഫീസർ ബിനീഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ ഷംനാദ് എസ്., രാജേഷ് ആർ. എന്നിവർക്കെതിരായ അച്ചടക്ക നടപടിയിൽ വിജിലൻസ് ഓഫീസർ റിപ്പോർട്ടും ടിയാൻമാരുടെ വിശദീകരണവും മറ്റ് അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻമാർക്കെതിരെ ആരോപിക്കപ്പെട്ട കുറ്റത്തിൽ കഴമ്പുണ്ടെന്ന് കാര്യം ബോധ്യപ്പെടുകയുണ്ടായി" എന്നതിന്റെ അടിസ്ഥാനത്തിലാണ് എന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ അല്ലാതെ തടഞ്ഞിട്ടുള്ളതും വിജിലൻസ് എൻക്വയറി റിപ്പോർട്ടിലോ ഞാൻ നൽകിയ വിശദീകരണത്തിലോ മറ്റു രേഖകളിലോ ഞാൻ ടി അൽത്താഫിൽ നിന്നും പണം വാങ്ങി എന്ന ആരോപണം ഉണ്ടെങ്കിലും പ്രസ്തുത ആരോപണം തെളിയിക്കുന്നതിന് ആവശ്യമായ ഏതൊരു രേഖകളും ടി അൽത്താഫ് ഹാജരാക്കിയിട്ടില്ലാത്തതും ഫോർമൽ എൻക്വയറിയിൽ എനിക്കെതിരായ ഏതൊരു ആരോപണവും തെളിയിക്കപ്പെട്ടിട്ടില്ലാത്തതുമാണ് എന്ന വിവരം സവിനയം ബോധിപ്പിക്കുന്നു.

ഞാനും മറ്റു ഉദ്യോഗസ്ഥരും പുകയില ഉൽപ്പന്നങ്ങൾ കണ്ടെത്തിയെങ്കിലും അതിന്മേൽ നടപടി സ്വീകരിക്കാതെ അൽത്താഫിൽ നിന്നും പണം വാങ്ങി കേസ് ഒതുക്കി തീർത്തതായും പുകയില ഉൽപ്പന്നങ്ങളുടെ കച്ചവടത്തിന് കൂട്ടുനിന്നതായുമുള്ള യാതൊരു പരാതികളും മേൽ അധികാരത്തിൽ ലഭിച്ചിട്ടില്ലാത്തതും സ്ഥിരം കുറ്റവാളിയായ ഒരാൾ നൽകിയ മൊഴി മാത്രം അടിസ്ഥാനപ്പെടുത്തിയാണ് എനിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതെന്നും സവിനയം ബോധിപ്പിക്കുന്നു. എനിക്കെതിരെ നൽകിയ കുറ്റാരോപണ മെമ്മോയും പത്രികയും യഥാസമയം ഞാൻ മറുപടി നൽകിയിട്ടുള്ളതും ആയതിൽ എന്റെ നിരപരാധിത്വം പൂർണ്ണമായും ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

അച്ചടക്കനടപടികൾ തീർപ്പാക്കുന്നതിന് മുൻപ് എന്റെ അപേക്ഷ പ്രകാരം 19.01.2025-ന് ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണർ എന്നെ നേരിൽ കേൾക്കുകയും ഞാൻ എന്റെ നിരപരാധിത്വം ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. തൽസമയത്തെ എന്റെ വാദമുഖങ്ങൾ ഒന്നുംതന്നെ രേഖപ്പെടുത്തുകയോ ആയത് അംഗീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്.

നാളിതുവരെയുള്ള സർവീസ് ജീവിതത്തിനിടയിൽ ആത്മാർത്ഥമായും അച്ചടക്കത്തോടും കൂടി വകുപ്പിന്റെ യശസ്സ് ഉയർത്തുന്ന രീതിയിൽ പ്രവർത്തിച്ചുവരുകയും സമൂഹത്തിന് മൊത്തം ഭീഷണി ആയിട്ടുള്ള വ്യാജ മദ്യത്തിനും മയക്കുമരുന്നിനും എതിരെ ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ആത്മാർത്ഥമായി പ്രവർത്തിച്ചുവരുന്ന എന്റെ മനോവീര്യം തകർക്കുന്നതിനും സമൂഹമധ്യത്തിൽ അപകീർത്തിപ്പെടുത്തുന്നതുമായാണ് ഇത്തരത്തിൽ ഒരു വ്യാജ ആരോപണം കുറ്റകൃത്യങ്ങളുമായി ബന്ധമുണ്ടെന്ന് സ്വയം സമ്മതിക്കുന്ന അൽത്താഫ് എന്നയാൾ പരപ്രേരണയാൽ ഉന്നയിച്ചിട്ടുള്ളത്. ടിയാന്റെ ആരോപണങ്ങളെ യാതൊരു വിധ തെളിവുകളും ഹാജരാക്കിയിട്ടില്ലാത്തതാണ് എന്ന വസ്തുതയും പ്രത്യേകം ശ്രദ്ധിക്കണം എന്ന് അപേക്ഷിക്കുന്നു."

5) ശ്രീ.ബിനീഷ് റ്റി.റ്റി. സമർപ്പിച്ച മൊഴിക്ക് സമാനമായ മൊഴികൾ തന്നെയാണ് ശ്രീ. രാജേഷ് ആർ-ഉം ശ്രീ. ഷംനാദ് എസ്-ഉം സമർപ്പിച്ചിട്ടുള്ളത്. ടി വിഷയം വിശദമായി പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ബോധ്യപ്പെടുകയുണ്ടായി:

(i) ഈ വിഷയത്തിൽ അച്ചടക്ക നടപടി ആരംഭിക്കുന്നതിന് നിദാനമായ എക്സൈസ് വിജിലൻസ് ഓഫീസറുടെ റിപ്പോർട്ടിൽ പ്രധാനമായും തെളിവുകളായി കാണിച്ചിരിക്കുന്നത് ശ്രീ.അൽത്താഫിന് അദ്ദേഹത്തിന്റെ സഹോദരനായ അൻവർ അയച്ചു കൊടുത്ത 35,000/- രൂപയുടെ കാര്യമാണ്. സഹോദരൻമാർ തമ്മിൽ പണമിപാട് നടത്തുന്നത് സ്വാഭാവികമായ കാര്യമാണ്. ടി തുകയോടൊപ്പം 15,000/- രൂപ കൂടി ചേർത്ത് 50,000/- രൂപ തികച്ച് ATM-ൽ നിന്നും 2023 മേയ് 25-ാം തീയതി പിൻവലിച്ച് ടി ജീവനക്കാർക്ക് കൈക്കൂലിയായി നൽകിയെന്നുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. സഹോദരൻമാർ തമ്മിൽ നടത്തിയ പണമിടപാടിന്റെ പകർപ്പ് ലഭ്യമാക്കിയെങ്കിലും, ATM-ൽ നിന്നും 50,000/- രൂപ പിൻവലിച്ചതിന്റെ രേഖകൾ വിജിലൻസ് ഓഫീസർ ശേഖരിക്കുകയോ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപ്രകാരം, ഒരു രേഖ ഉണ്ടായിരുന്നെങ്കിൽ ടി തുക ടി ജീവനക്കാർക്ക് നൽകിയിട്ടുണ്ടെന്ന് അനുമാനിക്കാമായിരുന്നു. വിജിലൻസ് ഓഫീസർ അന്നു ശ്രമിച്ചിരുന്നെങ്കിൽ

അപ്രകാരമൊരു ATM ട്രാൻസാക്ഷൻ രേഖ നിഷ്പ്രയാസം ശേഖരിക്കാമായിരുന്നു.

(ii) മുൻപ് നിരോധിത പുകയില ഉൽപന്നത്തിന്റെ കച്ചവടമുണ്ടായിരുന്നതിനാൽ, മറ്റു സമാന കച്ചവടക്കാരുടെ ഡീറ്റെയിൽസ് നൽകുന്ന ഒരു ഇൻഫോർമർ ആയി ശ്രീ.അൽത്താഫ് പ്രവർത്തിച്ചിരുന്നതിനാലാണ്, അപ്രകാരമുള്ള ഫോൺ വിളികൾ ഉണ്ടായതെന്ന് കാണുന്നു. ബിനീഷിന്റെ നമ്പറിൽ നിന്നും ഇൻഫോർമർമാരെ വിളിക്കുന്നത് എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശ പ്രകാരമായിരുന്നുവെന്നും, അൽത്താഫ് എന്ന ഇൻഫോർമറെ വിളിച്ച വിവരവും എക്സൈസ് ഇൻസ്പെക്ടർക്ക് അറിയാമായിരുന്നുവെന്നും വ്യക്തമാകുന്നുണ്ട്. ബിനീഷിന്റെ ഉടമസ്ഥയിലുള്ള കാറിൽ വിവരശേഖരണത്തിന് പോകുന്നതും എക്സൈസ് ഇൻസ്പെക്ടറുടെ അനുമതിയോടെ ആയിരുന്നുവെന്നും വ്യക്തമാകുന്നുണ്ട്.

(iii) 25/05/2023-ൽ 50,000/- രൂപ ATM-ൽ നിന്നും എടുത്തതിന് തന്റെ കൈവശം തെളിവുകൾ ഒന്നുംതന്നെ ഇല്ലായെന്നും, ടി തുക പിൻവലിച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ലായെന്ന് ഫോർമൽ എൻക്വയറി ഓഫീസർ റിപ്പോർട്ട് ചെയ്യുന്നുണ്ട്. online ആയി തന്നെ ബാങ്ക് സ്റ്റേറ്റ്മെന്റ് ടിയാന് എടുത്തു നൽകാൻ സാധിക്കുമെന്നിരിക്കേ, ആയത് ഹാജരാക്കാൻ ശ്രീ.അൽത്താഫ് മുതിരാത്തത് ദുരൂഹമാണ്. ആയതിന് ആദ്യം പ്രാഥമിക അന്വേഷണം നടത്തിയ വിജിലൻസ് ഓഫീസറും ശ്രമിക്കാത്തതും ദുരൂഹമായികാണുന്നു.

(iv) ഈ വിഷയത്തിൽ ഫോർമൽ എൻക്വയറി നടത്തിയ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ ചുവടെ ചേർക്കും പ്രകാരമായിരുന്നു.:

“കൈക്കൂലി നൽകിയെന്ന ആരോപണം ടിയാൻ (അൽത്താഫ്) ആവർത്തിക്കുമ്പോഴും ആയതിന് തന്റെ കയ്യിൽ തെളിവൊന്നും ഇല്ലായെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതിനാൽ ടിയാന്റെ മൊഴികൾ മാത്രം വിശ്വാസത്തിലെടുക്കാൻ കഴിഞ്ഞിട്ടില്ല. ടി സംഗതിയിൽ എക്സൈസ് വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിലും ആശ്രയിക്കാവുന്ന മറ്റു തെളിവുകൾ ലഭ്യമായിട്ടില്ല. ടിയാൻ നിരന്തരം പാൻമസാല കച്ചവടത്തിലും മറ്റും ഏർപ്പെട്ടിരിക്കുന്നു എന്ന് രേഖകളിൽ നിന്നും മൊഴികളിൽ നിന്നും വ്യക്തമാണ്. ആയതിൽ നിന്നും, മെമ്മോയിലും കുറ്റാരോപണ പത്രികയിലും പ്രസ്താവിക്കുന്ന കുറ്റങ്ങൾ സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ, നിലനില്ക്കാത്തവയായി കണ്ടെത്തിയിട്ടുള്ളതാണ്."

(v) ഫോർമൽ എൻക്വയറി റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളും കണ്ടെത്തലുകളും മൊഴികളുടെ വിശകലനവും പരിഗണിക്കാതെയും, ആയതിൽനിന്നും വ്യതിചലിക്കുന്നതിനുള്ള കാരണങ്ങൾ നിരത്താതെയുമാണ് ടിയാൾക്കാർക്കെതിരേ 19/02/2025-ലെ EXC/5280/2023-XE5 എന്ന ഉത്തരവ് മുഖേന ശിക്ഷാനടപടി എടുത്തിരിക്കുന്നത്. ആയത് സത്യസന്ധരായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കാൻ മാത്രമേ കാരണമാവുകയുള്ളുവെന്നും കാണുന്നു.

6) മേൽ സാഹചര്യത്തിൽ, നിരന്തരം പാൻമസാല കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയുടെ മൊഴിയുടെ മാത്രം അടിസ്ഥാനത്തിലും മറ്റു യോഗ്യമായ തെളിവകളൊന്നും ഇല്ലാതെയും, ATM-ൽ നിന്നും 50,000/- രൂപ എടുത്തതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് എടുക്കാമായിരുന്നിട്ടും ആയതു എടുക്കാതെ അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്തു

നടപടിയിലെ ദൂരുഹത കണക്കിലെടുക്കാതെയും, വിശദമായ ഫോർമൽ എൻക്വയറി റിപ്പോർട്ടിനെ പൂർണ്ണമായി അവഗണിച്ചും പരാമർശം (1) പ്രകാരം ടി ജീവനക്കാരുടെ ഒരു ഇൻക്രിമെന്റ് KCS(CC&A) ചട്ടങ്ങളിലെ ചട്ടം 11(1)(iii) പ്രകാരം സഞ്ചിതഫലമില്ലാതെ തടഞ്ഞ ശിക്ഷാനടപടി റദ്ദുചെയ്തും, ടി ജീവനക്കാർക്കെതിരേയുള്ള അച്ചടക്ക നടപടി മേൽനടപടി കൂടാതെ അവസാനിപ്പിച്ചും, അപ്രകാരം എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. ബിനീഷ് റ്റി.റ്റി., സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. രാജേഷ് ആർ., ശ്രീ.ഷംനാദ് എസ്. എന്നിവർ സമർപ്പിച്ച അപ്പീൽ ഹർജികൾ തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/34/2025-നികുതി)

ഉത്തരവിൻ പ്രകാരം

Signed by Hemalatha Das
Date: 19-06-2025 14:59:40
സെക്ഷൻ ഓഫീസർ